**ഇന്ന് ബഹു.ലോകായുക്തയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കളക്ടർ ബിജു പ്രഭാകറിനെപറ്റി മാദ്ധ്യമങ്ങളിൽ വന്ന വാർത്ത സംബന്ധിച്ച്.**

2014 ഏപ്രിലിൽ 2014 ന് നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി തിരുവനന്തപുരം ജില്ലാ കളക്ടർ ആയി ശ്രീ.ബിജു പ്രഭാകർ ചുമതലയേറ്റെടുത്തത് 17.02.2014 നാണ് അതായത് 11 മാസം മുൻപ്. ആർടെക് ബിൽഡേർസ് പാറ്റൂരിൽ നിർമ്മിക്കുന്ന ബഹുനില കെട്ടിടം സ്ഥിതിചെയ്യുന്ന വസ്തുവിൽ സർക്കാർ പുറമ്പോക്ക് ഉൾപ്പെട്ടിട്ടുണ്ടെന്ന ആരോപണം ഇതിനകം തന്നെ ഉയർന്നിരുന്ന സാഹചര്യത്തിലാണ് ചുമതല ഏൽക്കുന്നത്. അക്കൗണ്ടന്റ് ജനറലും വിജിലൻസിന്റെയും അന്വേഷണത്തിലിരിക്കുന്ന ഒരു വിവാദ ഭൂമിക്ക് അനുകൂലമായോ പ്രതികൂലമായോ ഒരു നിലപാട് എടുക്കാൻ ആർക്കും സാധിക്കില്ല. ചാർജ്ജ് എടുക്കുന്നതിന്റെ തൊട്ടടുത്ത ദിവസം 18.02.2014 –ൽ ലാന്റ് റവന്യു കമ്മിഷണർ, സർവ്വെ ഡയറക്ടർ, വാട്ടർ അതോറിറ്റി എം.ഡി, ജില്ലാ കളക്ടർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയോട് പുറമ്പോക്ക് ഭൂമിയിലൂടെയാണോ വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ കടന്ന്പോകുന്നത് എന്ന് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ജി.ഒ (ആർ.റ്റി) നം.1024/2014/ആർ ഡി പ്രകാരം സർക്കാർ ഉത്തരവായി. വാട്ടർ അതോറിറ്റി എം.ഡി പരിശോധനയിൽ പങ്കെടുത്തില്ല. മറ്റ് മൂന്ന് ഉദ്യോഗസ്ഥർ നൽകിയ റിപ്പോർട്ടിന്റെ പ്രധാന നിർദ്ദേശങ്ങൾ/കണ്ടെത്തലുകൾ ഇവയാണ്.

1. 9.661 സെന്റ് പുറമ്പോക്ക് വസ്തു ആർട്ടെക്ക് കൈവശം വച്ചിരിക്കുന്നതായി റിപ്പോർട്ട് ചെയ്തിരുന്നു.

2.ആർട്ടെക് കൈവശം വച്ചിരിക്കുന്ന പുറമ്പോക്ക് ഭൂമിയുടെ നിജസ്ഥിതി കണ്ടെത്തുന്നതിന്, തഹസിൽദാർ മുഖാന്തിരം ആധാരപ്രകാരമുള്ള സബ്ഡിവിഷൻ സർവ്വെ ചെയ്യേണ്ടതാണ്.

3.വാട്ടർ അതോറിറ്റിയുടെ രണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിവിധ കാലയളവിൽ പ്രസ്തുത വസ്തുവിന്റെ ഉടമസ്ഥതയെകുറിച്ച് വ്യത്യസ്ത അഭിപ്രായമാണ് രേഖപ്പെടുത്തിയിരുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റി എംഡിയുടെ അഭിപ്രായം വാങ്ങേണ്ടതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നു.

ടി കെട്ടിട നിർമ്മാണത്തിനുള്ള അനുമതി ഞാൻ ചാർജ്ജ് എടുക്കുന്നതിന് എത്രയോ വർഷം മുൻപ് തന്നെ തിരുവനന്തപുരം നഗരസഭ നൽകിയതാണ്. തെരഞ്ഞെടുപ്പിന്റെ പ്രവർത്തനങ്ങൾക്കിടയിൽ കാര്യമായ പരിശോധന നടത്താൻ സാധിക്കാത്തതുകൊണ്ടാണ് ഓരോ പ്രമാണവും വിശദമായി പരിശോധിച്ച്

കക്ഷികളുടെ അവകാശം, പൊന്നും വില നടപടിപ്രകാരമുള്ള പുറമ്പോക്കിന്റെ വിസ്തീർണ്ണം ഒഴിവാക്കി സബ്ഡിവിഷൻ സ്കെച്ച് തഹസിൽദാർ തയ്യാറാക്കിയാൽ മാത്രമേ കൂടുതൽ വിവരങ്ങൾ കണ്ടെത്താൻ സാധിക്കുകയുള്ളു എന്ന് കമ്മറ്റി റിപ്പോർട്ട് ചെയ്തത്. ഇതിൽ ഏത് രീതിയിലാണ് കമ്പനിയെ സഹായിക്കാൻ ഞാൻ ശ്രമിച്ചത് എന്ന് വ്യക്തമല്ല. സർക്കാർ പുറമ്പോക്ക് ഉണ്ടോ എന്ന് അന്വേഷിക്കാൻ ഏൽപ്പിച്ച ഉദ്യോഗസ്ഥനെതിരെ കേസ് എടുക്കാൻ തീരുമാനിച്ചു എന്നത് എന്ത് അടിസ്ഥാനത്തിലാണ് എന്നറിയില്ല, പുറമ്പോക്ക് ഇല്ലായെന്ന് ഞാൻ റിപ്പോർട്ട് ചെയ്തിട്ടില്ല. മറിച്ച് പൈപ്പ് പോകുന്ന ഭാഗം സ്വകാര്യഭൂമിയാണ് എന്ന് പറയുന്നത് ഒന്നുകൂടെ പരിശോധിക്കണം എന്ന് സ്വന്തം കൈപ്പടകൊണ്ട് റിപ്പോർട്ടിൽ എഴുതിചേർത്തതിന് ശേഷമാണ് ഞാൻ ഒപ്പിട്ടത്. സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൻമേൽ മേൽനിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. തുടർന്ന് ടി വിഷയം ബഹു.ലോകായുക്തയുടെ അന്വേഷണത്തിലും ആയി. ആയതിനാൽ ഈ വിഷയത്തിൽ ഇപ്പോഴത്തെ ജില്ലാ കളക്ടർക്ക് യാതൊരുവിധ പങ്കുമില്ല.

ബിജുപ്രഭാകർ ഐഎഎസ്.
ജില്ലാ കളക്ടർ
തിരുവനന്തപുരം.